LIBRARY ARCHIVES Kerala Legislative Assembly

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ

275(4285) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജനുവരി മുതൽ നാളിതുവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന എത്ര തൊഴിലവസരങ്ങൾ നികത്താൻ സാധിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) ഇവയിൽ സ്ഥിരം, താൽക്കാലിക തൊഴിലവസരങ്ങൾ എത്ര വീതമെന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ?

(എ&ബി) 1-1-2016 മുതൽ 31-3-2021 വരെയുള്ള കാലയളവിൽ വിവിധ സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെ 53997 ഒഴിവുകൾ [സ്ഥിരം-10814, താൽക്കാലികം- 43183] എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നികത്തിയിട്ടുണ്ട്. കൂടാതെ സ്വകാര്യ മേഖലയിലെ 107440 ഒഴിവുകളും ഇക്കാലയളവിൽ നികത്തുകയുണ്ടായി. 1-4-2021 മുതൽ നാളിതുവരെയുള്ള വിവരങ്ങളും ജില്ല തിരിച്ചുള്ള വിവരങ്ങളും ശേഖരിച്ചുവരുന്നു.

(സി) ഇക്കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ടായിരുന്നുവെന്നും അവയിൽ നിയമനം നടത്തുകയുണ്ടായോയെന്നും വ്യക്തമാക്കുമോ?

നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പിനുകീഴിൽ 2016 ജനുവരി മുതൽ നാളിതുവരെ 573 ഒഴിവുകൾ ഉണ്ടാകുകയും ആയതിൽ 567 ഒഴിവുകളിലേയ്ക്ക് നിയമനം നടത്തുകയും ചെയ്തു. ബാക്കിയുള്ള 6 ഒഴിവുകളിലേയ്ക്ക് നിയമനത്തിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു

അംഗപരിമിതരായ ഉദ്യോഗാർത്ഥികൾക്ക് പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്

276(4286) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1-11-2016-ലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 174/2016/തൊഴിൽ പ്രകാരം സംസ്ഥാനത്തെ അംഗപരിമിതരായ ഉദ്യോഗാർത്ഥികൾക്ക് വേണ്ടിയുള്ള പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി (തിരുവനന്തപുരം, നെയ്യാറ്റിൻകര, കൊല്ലം, കോട്ടയം, എറണാകുളം, കോഴിക്കോട്) എന്നീ ഓഫീസുകൾ മുഖേന കഴിഞ്ഞ നാലുവർഷത്തിനുള്ളിൽ എത്ര ഉദ്യോഗാർത്ഥികൾക്ക് ഏതെല്ലാം വിഷയങ്ങളിൽ വൊക്കേഷണൽ & കരിയർ ഗൈഡൻസ് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;